**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 805** **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ വികസന ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് സ്കൂളുകൾ , അങ്കണവാടികൾ എന്നിവയ്ക്ക് കെട്ടിട നിർമ്മാണത്തിനും മറ്റ് ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ മാനദണ്ഡങ്ങളും വിശദവിവരങ്ങളും വ്യക്തമാക്കുമോ; | (എ) | പട്ടികവർഗ്ഗ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് വകുപ്പിന്റെ കീഴിലുള്ള കോർപ്പസ് ഫണ്ട് അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ഊരുകൂട്ടം തീരുമാനത്തിന്റെയും സോഷ്യൽ മാപ്പ്, 50%ത്തിന് മുകളിൽ പട്ടികവർഗ്ഗക്കാർക്ക് പ്രയോജനപ്പെടുമെന്ന ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിക്കുന്നുണ്ട്. 25 ലക്ഷം രൂപ വരെയുള്ള പ്രവർത്തികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അനുമതിയോടെ ജില്ലാതലത്തിൽ നടപ്പാക്കാവുന്നതാണ്. 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവർത്തികൾ ജില്ലാതലവർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച് സംസ്ഥാനതലവർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടു കൂടി നടപ്പിലാക്കുന്നു. |
| (ബി) | അമ്പത് ശതമാനത്തോളം പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾ പഠിക്കുന്ന കാസർഗോഡ് ജില്ലയിലെ ജി.എച്ച്.എസ്. എസ്,പഡ്രെ സ്കൂളിന് പട്ടികവർഗ്ഗ വികസന ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | പരിശോധിക്കുന്നതാണ്. സർക്കാർ ഹയർസെക്കന്ററി സ്കൂളുകൾ ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾ ആയതിനാൽ അവയ്ക്കുള്ള കെട്ടിടനിർമ്മാണങ്ങൾ ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചും നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ